**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5311** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ഭൂമിയില്ലാത്ത കർഷകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | **വിള ഇൻഷുറൻസ് ഉൾപ്പെടെ കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന വാർഷിക വിളകൾക്കായുള്ള എല്ലാ പദ്ധതികളുടെയും ആനുകൂല്യം ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും ലഭിക്കുന്നതാണ്. ഇവയിൽ വാർഷിക വിളകൾക്കായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളും ഉൾപ്പെടുന്നുണ്ട്.**<br><br>**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ ഹ്രസ്വകാല വാർഷിക കാർഷിക** |

| ക്രമ നം. | ജില്ല | മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നവർ |
|---|---|---|
| 1 | തിരുവനന്തപുരം | 13029 |
| 2 | കൊല്ലം | 3335 |
| 3 | പത്തനംതിട്ട | 5031 |
| 4 | ആലപ്പുഴ | 38548 |
| 5 | കോട്ടയം | 12565 |
| 6 | ഇടുക്കി | 32280 |
| 7 | എറണാകുളം | 4929 |
| 8 | തൃശ്ശൂർ | 9068 |
| 9 | പാലക്കാട് | 10273 |
| 10 | മലപ്പുറം | 19562 |
| 11 | കോഴിക്കോട് | 10451 |
| 12 | വയനാട് | 2806 |
| 13 | കണ്ണൂർ | 9604 |
| 14 | കാസർഗോഡ് | 2199 |
| | **ആകെ** | **173680** |

| | | | |
|---|---|---|---|
| | | | **വിളകളുടെ പരിപാലന പദ്ധതികളിൽ ഇത്തരം കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്.**<br><br>**ഇത്തരം കർഷകർക്ക് സർക്കാർ ഉത്തരവ് (കൈ) നമ്പർ. 93/2022/അഗ്രി തീയതി 29/10/2022 പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് ഹ്രസ്വകാല വാർഷിക വിളകൾക്ക് സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നികുതി രസീതിന്റെ പകർപ്പ്, വാടകകരാറിന്റെ പകർപ്പ് എന്നിവ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കർഷകന്റെ സത്യപ്രസ്താവനയിൽ കൃഷി ഓഫീസർ/ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ, അതാത് പ്രദേശത്തെ വാർഡ് കൗൺസിലർ/ മെമ്പർ സംയുക്ത പരിശോധന നടത്തി പ്രസ്തുത പരിശോധന റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാനപനത്തിന്റെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.** |
| (സി) | ഇത്തരം കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഏതെല്ലാം രീതിയിലാണ് സർക്കാർ സഹായിക്കുന്നത്/സഹായിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ഇത്തരം കൃഷി ചെയ്യുന്ന നെൽക്കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകോ വഴി സംഭരിക്കുന്നു. ഉല്പന്നങ്ങൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചച്ചന്തകൾ, ബ്ലോക്ക് ലൈവൽ ഫെഡറേറ്റഡ് മാർക്കറ്റുകൾ, ഹോൾ സെയിൽ മാർക്കറ്റുകൾ, എഫ്.പി.ഒ മാർക്കറ്റുകൾ മുഖാന്തിരവും കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ VFPCK, ഹോർട്ടികോർപ്പ് മുഖാന്തിരവും സംഭരിച്ച് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ